**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **03-02-2026 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു പുരാരേഖ വകുപ്പുകളിൽ നിന്നുള്ള വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു- പുരാരേഖ വകുപ്പുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | കോന്നി ആനത്താവളത്തിൽ "പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം" സജ്ജീകരണ പ്രവൃത്തികൾ നിർവഹിക്കുന്നതിലേക്കായി പുരാവസ്തുവകുപ്പ് മ്യൂസിയം സജ്ജീകരണ നോഡൽ ഏജൻസി ആയ INTERACTIVE MUSEUM OF CULTURE OF KERALA യ്ക്ക് 61,61,958/- രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | മ്യൂസിയം സജ്ജീകരണത്തിന് ഉദ്ദേശിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവഹിച്ചുവെങ്കിലും കെട്ടിടങ്ങൾ കൈമാറി ലഭിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമാകാത്തതിനാൽ മ്യൂസിയം സജ്ജീകരണം ആരംഭിച്ചിട്ടില്ല. |
| (സി) | അവയിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ? | (സി) | കിഫ്ബി പദ്ധതികളൊന്നും ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ